(ഡി) കുന്ദമംഗലം റെയ്ഞ്ച് ആഫീസിന് കണ്ടെത്തിയ 7 സെന്റ് സ്ഥലം കുന്ദമംഗലം വില്ലേജ് ആഫീസിനടുത്താണ്.

(ഇ) പ്രസ്തുത സ്ഥലം ഇപ്പോൾ റവന്യൂ വകുപ്പിന്റെ കൈവശമാണ്.

(എഫ്, ജി) കുന്ദമംഗലം വില്ലേജ് ആഫീസിനടുത്ത് കണ്ടെത്തിയ 7 സെന്റ് സ്ഥലം വില്ലേജ് ആഫീസിന്റെ പ്രവർത്തനത്തിന് ആവശ്യമുണ്ട് എന്നറിയിച്ചതിനാൽ പുതിയ സ്ഥലം കണ്ടെത്താനുള്ള പരിശ്രമത്തിലാണ്.

പന്തളത്ത് എക്സൈസ് റേഞ്ച് ഓഫീസ് ആരംഭിക്കാൻ നടപടി

21 [478] ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളം ആസ്ഥാനമായി ഒരു എക്സൈസ് റേഞ്ച് ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതുവരെ ആയി എന്ന് വിശദമാക്കാമോ;

(ബി) എന്നത്തേക്ക് പ്രസ്തുത ഓഫീസ് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) പന്തളം ആസ്ഥാനമായി എക്സൈസ് റേഞ്ച് ഓഫീസ് ആരംഭിക്കുന്നതിനുള്ള ശുപാർശകൾ ഒന്നുംതന്നെ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

ബാലുശ്ശേരി എക്സൈസ് റേഞ്ചിലെ കള്ളവാറ്റ് കേസുകൾ

22 [479] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി എക്സൈസ് റേഞ്ചിൽ 2001-02, 2002-03, 2003-04, 2004-05 സാമ്പത്തിക വർഷത്തിൽ എത്ര കള്ളവാറ്റ് കേസ്സുകൾ പിടിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ;

(ബി) കള്ളവാറ്റ് കേന്ദ്രങ്ങൾ എന്ന പേരിൽ ഡിപ്പാർട്ടുമെന്റ് ശ്രദ്ധിക്കുന്ന ഏതെല്ലാം പ്രധാന കേന്ദ്രങ്ങളാണ് ഈ റേഞ്ചിൽ ഉള്ളത് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി എക്സൈസ് റേഞ്ചിൽ 2001-02 വർഷം 21 കേസുകളും 2002-03-ൽ 53 കേസുകളും 2003-04-ൽ 50 കേസുകളും 2004-05-ൽ 57 കേസുകളും ഉൾപ്പെടെ 181 കള്ളവാറ്റ് കേസുകൾ എക്സൈസ് വകുപ്പ് പിടിച്ചിട്ടുണ്ട്. പോലീസ് വകുപ്പ് പിടിച്ച കേസുകളുടെ വിവരം ശേഖരിച്ചുവരുന്നു.

(ബി) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി എക്സൈസ് റേഞ്ചിൽ കള്ളവാറ്റ് കേന്ദ്രങ്ങൾ എന്ന പേരിൽ ഡിപ്പാർട്ടുമെന്റ് ശ്രദ്ധിക്കുന്ന കണ്ണാടിപൊയിൽ, കുറുംബൊയിൽ, കരിംബാരുകണ്ടി, തരിപ്പാകുനി എന്നീ സ്ഥലങ്ങളാണുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly